2026
FEBRUARY
18
WEDNESDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper

വയബീൻ
Home Delivery
9847 12 9061, 98455 97621

# ദേശീയ പാതയോരങ്ങളിൽ ‘തേനീച്ച ഇടനാഴികൾ’

ന്യൂഡൽഹി: ദേശീയ പാത അതോറിറ്റി (എൻ.എച്ച്.എ.ഐ) ദേശീയ പാതയോരങ്ങളിൽ ‘പരാഗണ ഇടനാഴികൾ’ അല്ലെങ്കിൽ ‘തേനീച്ച ഇടനാഴികൾ’ വികസിപ്പിക്കുന്നതിനുള്ള പ്രഥമ സംരംഭം പ്രഖ്യാപിച്ചു. അലങ്കാര തോട്ടങ്ങളിൽ നിന്ന് പാരിസ്ഥിതിക തോട്ടങ്ങളിലേക്കുള്ള വ്യതിയാനം അടയാളപ്പെടുത്തിക്കൊണ്ട്, ‘തേനീച്ച ഇടനാഴി’യിൽ വർഷം മുഴുവനും തേനീച്ചയ്ക്ക് അനുയോജ്യമായ സസ്യജാലങ്ങളുടെ തുടർച്ചയായ ഒരു രേഖീയ വിസ്തൃതി ഉണ്ടായിരിക്കും. പൂക്കുന്ന മരങ്ങളും സസ്യങ്ങളും ഉൾക്കൊള്ളുന്ന ഈ ഇടങ്ങൾ വർഷം മുഴുവനും പൂന്തേനിന്റെയും പൂമ്പൊടിയുടെയും ലഭ്യത ഉറപ്പാക്കും. പരാഗണ സംരക്ഷണത്തെ പിന്തുണയ്ക്കുന്നതിനുള്ള സവിശേഷ അവസരം ദേശീയ പാതകളിലെ നടീലുകൾ നൽകുന്നു. പരാഗണ സേവനങ്ങൾ, കാർഷിക, ഹോർട്ടികൾച്ചറൽ ഉൽപ്പാദനക്ഷമത, മൊത്തത്തിലുള്ള പാരിസ്ഥിതിക സന്തുലിതാവസ്ഥ എന്നിവയെ പ്രതികൂലമായി ബാധിക്കുന്ന തേനീച്ചകളും മറ്റ് പരാഗണകാരികളും നേരിടുന്ന വർദ്ധിച്ചുവരുന്ന പാരിസ്ഥിതിക സമ്മർദ്ദം കുറയ്ക്കാൻ ഈ സംരംഭം സഹായിക്കുമെന്ന് എൻഎച്ച് എ ഐ അതോറിറ്റി അധികൃതർ വ്യക്തമാക്കി.

സമർപ്പിത പരാഗണസ്ഥലം അല്ലെങ്കിൽ ‘തേനീച്ച ഇടനാഴികൾ’ സൃഷ്ടിക്കുന്നതിലേക്ക് എൻ.എച്ച്.എ.ഐ അതിന്റെ തോട്ടം പ്രവർത്തനങ്ങളെ വിന്യസിക്കും. പൂന്തേനും പരാഗവും ധാരാളമുള്ള ചെടികൾ നട്ടുപിടിപ്പിച്ചും, പൂക്കുന്ന കളകളെ വിരിയാൻ അനുവദിച്ചും, ഒപ്പം പരാഗണകാരികൾക്ക് പ്രയോജനകരമായ ഉണങ്ങിയ മരത്തടികളും പൊള്ളയായ മരത്തടികളും നിലനിർത്തിക്കൊണ്ടും വന്യമായ മൂലകങ്ങളെ നിലനിർത്തുന്ന മരങ്ങൾ, കുറ്റിച്ചെടികൾ, ഔഷധസസ്യങ്ങൾ, പുല്ലുകൾ എന്നിവ ചേർന്ന സവിശേഷ സംരംഭമാണിത്. വർഷം മുഴുവനും തുടർച്ചയായി പൂവിടുന്ന ആവൃത്തി നിലനിർത്തുന്നതിന്, വ്യത്യസ്ത ഋതുഭേദങ്ങളിൽ ഇടയ്ക്കിടെ പൂവിടുന്നത് ഉറപ്പാക്കാൻ സസ്യ ഇനങ്ങളുടെ തിരഞ്ഞെടുപ്പ് സഹായിക്കും. വേപ്പ്, കരഞ്ച്, മഹുവ, പലാഷ്, ബോട്ടിൽ ബ്രഷ്, ജാമുൻ, സിരിസ് എന്നിവയുൾപ്പെടെയുള്ള തദ്ദേശീയ വൃക്ഷങ്ങളും സസ്യങ്ങളും ദേശീയപാതയോരങ്ങളിൽ നട്ടുപിടിപ്പിക്കും.

കാർഷികകാലാവസ്ഥാ സാഹചര്യങ്ങളും പ്രാദേശിക അനുയോജ്യതയും അനുസരിച്ച്, അത്തരം ഇടനാഴികൾ ദേശീയപാതാ ഭാഗങ്ങളിലും എൻ.എച്ച്.എ.ഐയുടെ കീഴിലുള്ള മറ്റ് ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളിലും വികസിപ്പിക്കും.

തേനീച്ചകളുടെയും കാട്ടുതേനീച്ചകളുടെയും ശരാശരി തീറ്റതേടൽ ദൂരത്തിന് അനുസൃതമായി, ഏകദേശം 500 മീറ്റർ മുതൽ ഒരു കിലോമീറ്റർ വരെ ഇടവിട്ട് പൂച്ചെടികളുടെ കൂട്ടങ്ങൾ നടാൻ കഴിയുന്ന ദേശീയ പാത ഭാഗങ്ങൾ രാജ്യത്തുടനീളമുള്ള എൻ.എച്ച്.എ.ഐ മേഖലാ കാര്യാലയ (ഫീൽഡ് ഓഫീസ്) അധികൃതർ കണ്ടെത്തും. 2026-27 കാലയളവിൽ എൻ.എച്ച്.എ.ഐ മേഖലാ കാര്യാലയങ്ങൾ കുറഞ്ഞത് മൂന്ന് പരാഗണ (പോളിനേറ്റർ) ഇടനാഴികളെങ്കിലും ആസൂത്രണം ചെയ്യുകയും വികസിപ്പിക്കുകയും ചെയ്യും. 2026-27 വർഷത്തിൽ ദേശീയപാതയോരങ്ങളിൽ ഏകദേശം 40 ലക്ഷം മരങ്ങൾ നടാൻ എൻ.എച്ച്.എ.ഐ പദ്ധതിയിടുന്നു, അതിൽ 60 ശതമാനവും ‘ബീ കോറിഡോർ’ സംരംഭത്തിന് കീഴിലാണ് നടുകയെന്നും എൻ.എച്ച്.എ.ഐ അധികൃതർ വ്യക്തമാക്കി.

## വിദ്യാഭ്യാസ കാർഷിക ആരോഗ്യ മേഖലകൾക്ക് കൂടുതൽ പ്രാധാന്യം നൽകും

കൊച്ചി: എറണാകുളം ജില്ലാ പഞ്ചായത്ത് 2026-2027 വാർഷിക പദ്ധതി രൂപീകരണത്തോടനുബന്ധിച്ചുള്ള വികസന സെമിനാർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ജി. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ക്ഷേമ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകുമെന്നും വിദ്യാഭ്യാസ കാർഷിക ആരോഗ്യ മേഖലയിൽ കൂടുതൽ ജനോപകാരപ്രദമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ് ലക്ഷ്യമെന്നും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞു. വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്ന് ജില്ലാ പഞ്ചായത്തിന്റെ വിവിധ മേഖലകളിലെ വികസന പ്രശ്നങ്ങൾ അവലോകനം ചെയ്ത് പ്രാദേശിക വികസനം സമൂഹത്തിന്റെ എല്ലാ മേഖലകളിലും എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് കരട് പദ്ധതിരേഖ തയ്യാറാക്കിയിട്ടുള്ളത്. വൈസ് പ്രസിഡന്റ് സിന്റാ ജേക്കബ്ബ് അധ്യക്ഷത വഹിച്ചു. 2026 27 വർഷത്തെ കരട് പദ്ധതിരേഖ വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ ഷൈജോ പറമ്പി അവതരിപ്പിച്ചു. ആസൂത്രണ സമിതി ഉപാധ്യക്ഷ ആശാ സനൽ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരായ പി എ മുക്താർ , ശ്രീദേവി മധു, റസിയ,ജില്ലാ പഞ്ചായത്ത് സെക്രട്ടറി പി.എ ഷഫീക്ക്, ഫിനാൻസ് ഓഫീസർ പി ഹനീഷ്, ജില്ലാ പഞ്ചായത്തംഗങ്ങൾ, ഗ്രാമ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, ഉദ്യോഗസ്ഥർ, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

# ജിനോമിക് നിരീക്ഷണത്തിന് എ.ഐ സംവിധാനം തുടങ്ങി

**ന്യൂഡൽഹി:** ഏകആരോഗ്യ ദൗത്യത്തിന്റെ കീഴിൽ, ജീനോമിക് നിരീക്ഷണത്തിനായി ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് എ.ഐ അധിഷ്ഠിത സംവിധാനം ആരംഭിച്ചിട്ടുണ്ടെന്നും, മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്ക് പകരുന്നതിന് മുമ്പുതന്നെ സാധ്യമായ ജന്തുജന്യ സാംക്രമിക രോഗങ്ങൾ പ്രവചിക്കാൻ ഇവയ്ക്ക് കഴിയുമെന്നും കേന്ദ്ര ആരോഗ്യകുടുംബക്ഷേമ സഹമന്ത്രി അനുപ്രിയ പട്ടേൽ പറഞ്ഞു. ഭാരത് മണ്ഡപത്തിൽ നടന്ന 2026 ലെ ഇന്ത്യ എഐ ഇംപാക്ട് ഉച്ചകോടിയിൽ, ‘നൂതനാശയത്തിൽ നിന്ന് സ്വാധീനത്തിലേക്ക്: പൊതുജനാരോഗ്യ രംഗത്തെ നൂതന സംവിധാനമായി എഐ’ എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി.




അത്തരം പ്രവചന ശേഷി, പൊതുജനാരോഗ്യ മേഖലയിൽ രോഗ പ്രതിരോധത്തെ അടിസ്ഥാനമാക്കി ഒരു മാതൃകാപരമായ മാറ്റത്തെ പ്രതിനിധീകരിക്കുന്നു. ക്ഷയരോഗ നിർണയത്തിനായി എ.ഐ അധിഷ്ഠിത ഹാൻഡ് ഹെൽഡ് എക്സ്റേ മെഷീനുകളുടെയും കമ്പ്യൂട്ടർസഹായത്തോടെയുള്ള ഡിറ്റക്ഷൻ ടൂളുകളുടെയും വിന്യാസവും അവർ എടുത്തുപറഞ്ഞു. നൂതന രോഗനിർണയ രീതികൾ സമൂഹങ്ങൾക്ക് കൂടുതൽ പ്രാപ്യമാക്കി. ഈ നൂതന കണ്ടുപിടുത്തങ്ങൾ ഏകദേശം 16 ശതമാനം അധികമായി ടിബി കേസ് കണ്ടെത്തലിന് കാരണമായി. കൂടാതെ, പ്രതികൂല ടിബി ചികിത്സാ ഫലങ്ങൾ പ്രവചിക്കുന്ന എ. ഐ അധിഷ്ഠിത ഉപകരണങ്ങൾ, ചികിത്സാ ഫലങ്ങളിലെ ന്യൂനത 27 ശതമാനം വരെ കുറയ്ക്കാൻ സഹായിച്ചു. ഇത് ക്ഷയരോഗത്തിനെതിരായ ഇന്ത്യയുടെ പോരാട്ടത്തെ ശക്തിപ്പെടുത്തിയെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി. ഇന്ത്യ പോലെ വലിയ ജനസംഖ്യയുള്ള, വിഭവ പരിമിതമായ രാജ്യത്ത്, പരിഹാരങ്ങൾ വിപുലവും ചുരുങ്ങിയ ചെലവിലും വ്യവസ്ഥാപരമായ വിടവുകൾ പരിഹരിക്കാൻ കഴിവുള്ളതുമായിരിക്കണം. ആരോഗ്യ സംരക്ഷണത്തിൽ ശക്തമായ ഒരു എ ഐ ആവാസവ്യവസ്ഥ കെട്ടിപ്പടുക്കുന്നതിനായി ഗവൺമെന്റ് സജീവമായി പ്രവർത്തിച്ചിട്ടുണ്ടെന്ന് അവർ അഭിപ്രായപ്പെട്ടു, ഇതിൽ എയിംസ് ഡൽഹി, പിജിഐഎംഇആർ ചണ്ഡീഗഢ്, എയിംസ് ഋഷികേശ് എന്നിവിടങ്ങളിൽ മൂന്ന് എഐ മികവ് കേന്ദ്രങ്ങൾ സ്ഥാപിക്കുന്നത് ഉൾപ്പെടുന്നു. പൊതുജനാരോഗ്യ സംരക്ഷണ വിതരണത്തിൽ ലോകോത്തര അക്കാദമിക വൈദഗ്ധ്യം സംയോജിപ്പിക്കുന്നതിന് ഇത് സഹായിക്കും. സാങ്കേതികവിദ്യയുടെ പങ്ക് വ്യക്തമാക്കി, ക്ലിനിക്കൽ വിദഗ്ധർക്ക് പകരമല്ല, മറിച്ച് ക്ലിനിക്കൽ നിരീക്ഷണങ്ങളെ വർദ്ധിപ്പിക്കാനും സഹായിക്കാനുമാണ് എ ഐ പ്രയോജനപ്പെടുത്തുന്നത് പതിവ് ജോലി ഭാരം കുറയ്ക്കുന്നതിലൂടെ, സങ്കീർണ്ണമായ കേസുകൾക്കും നിർണായകമായ ക്ലിനിക്കൽ തീരുമാനങ്ങൾ എടുക്കുന്നതിനും കൂടുതൽ സമയം ചെലവഴിക്കാൻ ഡോക്ടർമാരെ എ. ഐ പ്രാപ്തരാക്കുന്നു.‘വൈദ്യശാസ്ത്രം ഒരു ശാസ്ത്രം മാത്രമല്ല; അതൊരു കല കൂടിയാണ്. ആരോഗ്യ സംരക്ഷണം അൽഗോരിതങ്ങളിൽ മാത്രമല്ല, മനുഷ്യരുടെ കരസ്പർശം, സഹാനുഭൂതി, അനുകമ്പ, ആശയവിനിമയം എന്നിവയിലും ഉൾചേർന്നിരിക്കുന്നു അവ യന്ത്രങ്ങൾക്ക് പകർത്താൻ കഴിയാത്ത ഗുണങ്ങളാണ്. ഭാവിസജ്ജമായ ആരോഗ്യ സംരക്ഷണ പ്രൊഫഷണലുകൾ എ. ഐ സാക്ഷരരായിരിക്കണമെന്ന് മന്ത്രി പറഞ്ഞു. രാജ്യത്തുടനീളമുള്ള ഡോക്ടർമാരെ അത്യാവശ്യ ഡിജിറ്റൽ ശേഷിയിൽ സജ്ജരാക്കുന്നതിനായി നാഷണൽ ബോർഡ് ഓഫ് എക്സാമിനേഷൻസ് ഇൻ മെഡിക്കൽ സയൻസസ് അടുത്തിടെ ആരോഗ്യ സംരക്ഷണ മേഖലയിൽ എ. ഐ എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലന പരിപാടി ആരംഭിച്ചു.

ഇത് ഇന്ത്യയുടെ മെഡിക്കൽ കർമ്മസേനയെ സാങ്കേതികവിദ്യാധിഷ്ഠിത ഭാവിക്ക് സജ്ജമാണെന്ന് ഉറപ്പാക്കുന്നുവെന്നും കേന്ദ്രമന്ത്രി ചൂണ്ടിക്കാട്ടി.

# ഇന്നത്തെ പരിപാടി

## കൊച്ചി

- **ലെ മെറിഡിയൻ:** ട്രേഡക്സ് കേരള 2026 – രാവിലെ 10ന്.
- **കളക്ടറേറ്റ് കോൺഫറൻസ് ഹാൾ :** ന്യൂനപക്ഷ കമ്മീഷൻ സിറ്റിംഗ് – രാവിലെ 11ന്.

## കടവന്ത്ര

- **ഗുരുദേവ ക്ഷേത്രം :** മട്ടലിൽ ഭഗവതി മഹോത്സവം – നൃത്തനൃത്യങ്ങൾ, താലം കാവടിവരവ് – വൈകിട്ട് 6ന്.
- **വെണ്ണല തൈക്കാട്ട് ശ്രീമഹാദേവ ക്ഷേത്രം :** ശിവരാത്രി തിരുവുത്സവം – കളമെഴുത്തും പാട്ടും, നൃത്തനൃത്യങ്ങൾ – വൈകിട്ട് 7ന്.

## മൂവാറ്റുപുഴ

- **തൃക്കളത്തൂർ പള്ളിമറ്റത്ത് ഭഗവതി ക്ഷേത്രം :** ഉത്സവം – നൃത്താർച്ചന, തിരുവാതിരകളി, കരോക്കെ ഗാനമേള – വൈകിട്ട് 7ന്.

## പിറവം

- **കളമ്പൂക്കാവ് :** പാന മഹോത്സവം – നൃത്തനൃത്ത്യങ്ങൾ, ഭരതനാട്യം, കൈകൊട്ടു തിരുവാതിരകളി, തൃശ്ശൂർ സദ്ഗമയുടെ ഹാസ്യനാടകം 'സൈറൺ' – വൈകിട്ട് 7ന്.
- **പുത്തൻനട സീയോൻ കൺവൻഷൻ സെന്റർ –** പുത്തൻനട ബൈബിൽ കൺവൻഷൻ – വൈകിട്ട് 6ന്.

## പെരുമ്പാവൂർ

- **ഇരിങ്ങോൾ എസ്.എൻ.ഡി.പി ശാഖ ഹാൾ :** നടരാജ ഗുരു ജയന്തി ദിനാഘോഷം – വൈകിട്ട് 5ന്.

ഷൂട്ട് @ സൈറ്റ്



**ചീനവലയും കായൽ സൗന്ദര്യവും....** ഫോർട്ട് കൊച്ചി ബീച്ചിലെ ചീനവല കണ്ട് ആസ്വദിച്ച ശേഷം മടങ്ങുന്ന വിനോദ സഞ്ചാരികൾ.

*ഫോട്ടോ- എ.എസ് സതീഷ്*

# മുൻഗണനാ റേഷൻ കാർഡിന് അപേക്ഷ ക്ഷണിച്ചു; ഫെബ്രുവരി 20 വരെ അപേക്ഷിക്കാം

**കൊച്ചി:** എറണാകുളം ജില്ലയിലെ മുൻഗണനാ (പിങ്ക്) വിഭാഗത്തിൽ നിലവിലുള്ള ഒഴിവുകളിലേക്ക് അർഹരായവരിൽ (നീല, വെള്ള റേഷൻ കാർഡ് ഉടമകൾ)നിന്നും അപേക്ഷ ക്ഷണിച്ചു. അർഹരായ ഗുണഭോക്താക്കൾക്ക് അക്ഷയ കേന്ദ്രങ്ങൾ വഴിയോ സിറ്റിസൺ ലോഗിൻ മുഖേനയോ ഓൺലൈനായി ഫെബ്രുവരി 20 വൈകിട്ട് 5 വരെ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.
ബി.പി.എൽ പട്ടികയിൽ ഉൾപ്പെട്ടവർ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ, ആശ്രയ പദ്ധതിയിലുള്ളവർ, മാരകമായ രോഗങ്ങളുള്ള കുടുംബാംഗങ്ങളുള്ളവർ, പരമ്പരാഗത തൊഴിലാളികൾ, അസംഘടിത മേഖലയിലെ തൊഴിലാളികൾ എന്നിവർക്ക് മുൻഗണന ലഭിക്കും. കൂടാതെ സ്ത്രീകൾ, 65 വയസ്സിന് മുകളിലുള്ളവർ, നിർദ്ധന കുടുംബങ്ങളിലെ ഗൃഹനാഥൻമാർ എന്നിവരെയും പരിഗണിക്കുന്നതാണ്.
എന്നാൽ സർക്കാർ, അർദ്ധ സർക്കാർ ജീവനക്കാർ, സർവീസ് പെൻഷൻകാർ, ആദായനികുതി ഒടുക്കുന്നവർ എന്നിവർക്ക് അപേക്ഷിക്കാൻ അർഹതയുായിരിക്കില്ല. പ്രതിമാസം 25,000 രൂപയിൽ കൂടുതൽ വരുമാനമുള്ളവർ, സ്വന്തമായി ഒരേക്കറിൽ കൂടുതൽ ഭൂമിയുള്ളവർ, 1000 ചതുരശ്ര അടിക്ക് മുകളിൽ വിസ്തീർണ്ണമുള്ള വീടോ ഫ്ളാറ്റോ ഉള്ളവർ, നാല് ചക്ര വാഹനമുള്ളവർ (ടാക്സി ഒഴികെ) എന്നിവർക്കും . അപേക്ഷിക്കാൻ കഴിയില്ല.

# എസ്. വിദ്യാശങ്കർ ഹയാത്ത് ഹ്യൂമൻ റിസോഴ്സസ് റീജ്യണൽ വൈസ് പ്രസിഡന്റ്



**കൊച്ചി:** എസ്. വിദ്യാശങ്കറിനെ ഹയാത്തിന്റെ ഇന്ത്യ, സൗത്ത് വെസ്റ്റ് ഏഷ്യ ഉൾപ്പെടുന്ന മേഖലയുടെ ഹ്യൂമൻ റിസോഴ്സസ് റീജ്യണൽ വൈസ് പ്രസിഡന്റായി നിയമിച്ചു. ഹോസ്പിറ്റാലിറ്റി രംഗത്ത് 23 വർഷത്തിലധികം പരിചയമുള്ള വിദ്യാശങ്കർ, അതിൽ ഇരുപത് വർഷത്തിലധികം ഹയാത്തിനൊപ്പം പ്രവർത്തിച്ച വ്യക്തിയാണ്. പുതിയ ചുമതലയിൽ, ഇന്ത്യയും സൗത്ത്വെസ്റ്റ് ഏഷ്യയും ഉൾപ്പെടുന്ന മേഖലയിലെ മാനവ വിഭവ ശേഷി തന്ത്രങ്ങൾ രൂപപ്പെടുത്തുകയും കമ്പനിയുടെ വിപുലീകരണ പദ്ധതികൾക്ക് പിന്തുണ നൽകുകയും ചെയ്യും.
ഇതിന് മുമ്പ് അദ്ദേഹം ഏരിയ ഡയറക്ടർ ഓഫ് ഹ്യൂമൻ റിസോഴ്സസായി പ്രവർത്തിച്ചു. ആ സ്ഥാനത്ത് ആറു സംസ്ഥാനങ്ങളിലായി 18 ഹോട്ടലുകളുടെ എച്ച്ആർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.
വിവിധ ഹോട്ടൽ ജനറൽ മാനേജർമാരുമായും എച്ച്ആർ ട്രെയിനിംഗ് ടീമുകളുമായും ചേർന്ന് പ്രവർത്തിച്ച പരിചയസമ്പത്താണ് അദ്ദേഹത്തിനുള്ളത്. മുംബൈ സർവകലാശാലയിൽ നിന്ന് കൊമേഴ്സിൽ ബിരുദവും നെറൂളിലെ എസ്ഐഇഎസ് കോളേജ് ഓഫ് മാനേജ്മെന്റ് സ്റ്റഡീസിൽ നിന്ന് ഹ്യൂമൻ റിസോഴ്സസും മാർക്കറ്റിംഗും വിഷയങ്ങളായി പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമയും നേടിയിട്ടുണ്ട്.

# ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** വാഴക്കുളം അഡീഷണൽ ഐസിഡിഎസാധനങ്ങൾസ് പ്രോജക്റ്റിലെ 128 അങ്കണവാടികളിലേക്ക് 2025-26 സാമ്പത്തിക വർഷം എജ്യുക്കേഷൻ കിറ്റ് വിതരണം ചെയ്യുന്നതിനായി ടെൻഡർ ക്ഷണിച്ചു. ഫെബ്രുവരി 27 ഉച്ചയ്ക്ക് 2.30 വരെ ടെൻഡറുകൾ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് ആലുവ തോട്ടക്കാട്ടുകര ശിവ ടെമ്പിൾ റോഡിൽ പ്രവർത്തിക്കുന്ന വാഴക്കുളം അഡീഷണൽ ശിശു വികസന പദ്ധതി ഓഫീസിൽ പ്രവൃർത്തി സമയങ്ങളിൽ ബന്ധപ്പെടാവുന്നതാണ്. ഫോൺ: 0484-2952488.

# ഒറ്റത്തവണ രജിസ്ട്രേഷൻ

**കൊച്ചി:** എറണാകുളം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ കീഴിൽ പ്രവർത്തിക്കുന്ന എംപ്ലോയബിലിറ്റി സെന്ററിന്റെയും റീജിയണൽ പ്രൊഫഷണൽ ആൻഡ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെയും നേതൃത്വത്തിൽ സ്വകാര്യ മേഖലയിലെ പ്രമുഖ സ്ഥാപനങ്ങളിൽ ജോലി ലഭിക്കുന്നതിനായുള്ള ആജീവനാന്ത ഒറ്റത്തവണ രജിസ്ട്രേഷൻ ആരംഭിച്ചു.
എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തവർക്കും അല്ലാത്തവർക്കും 300 രൂപ രജിസ്ട്രേഷൻ ഫീ അടച്ച് രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്.
താൽപര്യമുള്ളവർ ഫെബ്രുവരി 21 ശനിയാഴ്ച രാവിലെ 11 മുതൽ 3.30 വരെ തൃപ്പൂണിത്തുറ മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന റീജിയണൽ പ്രൊഫഷണൽ ആൻഡ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ എത്തിച്ചേരുക. ഫോൺ : 9446025780, 9446926836, 0484-2422452.

# വിലങ്ങാട് ദുരിതബാധിതർക്ക് എറണാകുളം അങ്കമാലി അതിരൂപതയുടെ വീടുകൾ കൈമാറി



**വിലങ്ങാട്:** ഉരുൾപൊട്ടൽ ദുരന്തത്തിൽ കിടപ്പാടം നഷ്ടപ്പെട്ട കുടുംബങ്ങൾക്കായി എറണാകുളം അങ്കമാലി അതിരൂപതയുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന പുനരധിവാസ പദ്ധതിയുടെ ഭാഗമായി 7 വീടുകൾ കൈമാറി.
വീടുകളുടെ ആശീർവാദ കർമ്മം എറണാകുളം അങ്കമാലി അതിരൂപതാ മെത്രാപ്പോലിത്തൻ വികാരി ആർച്ച് ബിഷപ് മാർ ജോസഫ് പാംപ്ലാനിയും താമരശ്ശേരി രൂപത വികാരി ജനറാൾ മോൺ. ജോയ്സ് വയലിലും നിർവഹിച്ചു. കേരള സോഷ്യൽ സർവീസ് ഫോറം ഡയറക്ടർ ഫാ. ജേക്കബ് മാവുങ്കൽ, എറണാകുളം അങ്കമാലി അതിരൂപത വികാരി ജനറാൾ മോൺ. ആന്റോ ചേരാന്തുരുത്തി, എറണാകുളംഅങ്കമാലി അതിരൂപത സാമൂഹ്യ പ്രവർത്തന വിഭാഗമായ സഹൃദയ ഡയറക്ടർ ഫാ. ജോസ് കൊളുത്തുവെള്ളിൽ, അസോസിയേറ്റ് ഡയറക്ടർ ഫാ. ആന്റണി പുതിയാപറമ്പിൽ, അസി. ഡയറക്ടർ ഫാ.സിബിൻ മനയംപിള്ളി, വിലങ്ങാട് ഫൊറോന വികാരി ഫാ. വിൽസൺ മുട്ടത്തുകുന്നേൽ, മഞ്ഞക്കുന്ന് ഇടവക വികാരി ഫാ. ബോബി പൂത്തുങ്കൽ തുടങ്ങിയവർ പങ്കെടുത്തു. താമരശ്ശേരി രൂപത സോഷ്യൽ സർവീസ് ഡയറക്ടർ ഫാ. സായി പാറൻകുളങ്ങര, പ്രോഗ്രാം കോർഡിനേറ്റർമാരായ ആൽബിൻ, സിദ്ധാർത്ഥ് തുടങ്ങിയവർ നേതൃത്വം നൽകി. ചൂരൽമല ദുരന്തത്തിൽ ഭവനരഹിതരായവർക്കുള്ള അതിരൂപതയുടെ 10 വീടുകളുടെ നിർമാണവും പൂർത്തിയായി വരുന്നു. അതിരൂപതയിലെ ഇടവകകളിൽ നിന്നുള്ള ധനസമാഹരണത്തോടെ സഹൃദയയുടെ നേതൃത്വത്തിൽ താമരശേരി രൂപതാ സാമൂഹ്യ പ്രവർത്തന വിഭാഗത്തിന്റെ സഹകരണത്തോടെ നടപ്പാക്കിയ പുനരധിവാസ പദ്ധതിയിൽ ഭവനപദ്ധതി കൂടാതെ ജീവനോപാധി വികസന പദ്ധതികളും നടപ്പാക്കുന്നുണ്ടെന്ന് സഹൃദയ ഡയറക്ടർ ഫാ.ജോസ് കൊളുത്തുവെള്ളിൽ പറഞ്ഞു.

# സംസ്ഥാനത്ത് ചൂട് വർദ്ധിക്കുന്നു: സൂര്യാഘാതത്തിനെതിരെ ജാഗ്രത പാലിക്കണമെന്ന് ദുരന്ത നിവാരണ അതോറിറ്റി

**കൊച്ചി:** സ്ഥാനത്ത് ചൂട് വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ സൂര്യാഘാതം, സൂര്യാതപം, നിർജ്ജലീകരണം തുടങ്ങിയ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഒഴിവാക്കാൻ പൊതുജനങ്ങൾ കർശന ജാഗ്രത പാലിക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു. പകൽ 11 മണി മുതൽ 3 മണി വരെ നേരിട്ട് വെയിൽ ഏൽക്കുന്നത് പരമാവധി ഒഴിവാക്കണം. ദാഹമില്ലെങ്കിലും ധാരാളം ശുദ്ധജലം കുടിക്കണമെന്നും മദ്യം, കാപ്പി, ചായ, കാർബണേറ്റഡ് പാനീയങ്ങൾ എന്നിവ പകൽസമയത്ത് ഒഴിവാക്കണമെന്നും നിർദേശമുണ്ട്. അയഞ്ഞ ഇളം നിറത്തിലുള്ള കോട്ടൺ വസ്ത്രങ്ങളും പാദരക്ഷകളും ധരിക്കാൻ ശ്രദ്ധിക്കണം. പുറത്തിറങ്ങുമ്പോൾ കുടയോ തൊപ്പിയോ ഉപയോഗിക്കുന്നത് നല്ലതാണ്. പഴങ്ങളും പച്ചക്കറികളും ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നതിനൊപ്പം ഒ.ആർ.എസ് ലായനി, സംഭാരം എന്നിവയുടെ ഉപയോഗം വർധിപ്പിക്കണം.

മുതിർന്നവർ, കുട്ടികൾ, ഗർഭിണികൾ, കിടപ്പുരോഗികൾ, ഭിന്നശേഷിക്കാർ തുടങ്ങിയവർ പകൽ 11 മണി മുതൽ മൂന്നു മണി വരെ വെയിൽ ഏൽക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കുടിവെള്ള ലഭ്യതയും ക്ലാസ് മുറികളിൽ വായുസഞ്ചാരവും ഉറപ്പാക്കണം. കുട്ടികൾക്ക് കൂടുതൽ വെയിലേൽക്കുന്ന അസംബ്ലികളും വിനോദയാത്രകളും ഒഴിവാക്കേതാണ്. നിർമ്മാണത്തൊഴിലാളികൾ, കർഷകർ, ഓൺലൈൻ ഭക്ഷണ വിതരണക്കാർ, മാധ്യമപ്രവർത്തകർ, പൊലീസുകാർ തുടങ്ങിയവർ പകൽ 11 മുതൽ മൂന്നു വരെ കുടകൾ ഉപയോഗിക്കുന്നതിനും നിർജ്ജലീകരണം തടയാനും മുൻകരുതലുകൾ എടുക്കണം. വളർത്തു മൃഗങ്ങളെ വെയിലത്ത് കെട്ടിയിടരുതെന്നും അവയ്ക്ക് ജലലഭ്യത ഉറപ്പാക്കണമെന്നും അധികൃതർ അറിയിച്ചു.

കുട്ടികളെയും വാർത്തു മൃഗങ്ങളെയും പാർക്ക് ചെയ്ത വാഹനങ്ങളിൽ ഇരുത്തി പോകാൻ പാടില്ല. അസ്വസ്ഥതകൾ അനുഭവപ്പെട്ടാൽ ഉടൻ വിശ്രമിക്കുകയും വൈദ്യസഹായം തേടുകയും വേണം. കാലാവസ്ഥാ വകുപ്പിന്റെയും ദുരന്ത നിവാരണ അതോറിറ്റിയുടെയും ഔദ്യോഗിക അറിയിപ്പുകൾ കൃത്യമായി പിന്തുടരണമെന്നും നിർദേശത്തിൽ പറയുന്നു.

# സംസ്കൃത സർവ്വകലാശാല ബജറ്റ് : ന്യൂജൻ, വിദേശഭാഷാ കോഴ്സുകൾ തുടങ്ങും; ഗ്രീൻ ഓഡിറ്റ് ടീം രൂപീകരിക്കും

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ മാറുന്ന കാലഘട്ടത്തിന് അനുയോജ്യമാകുന്നതും നൂതന സാങ്കേതികവിദ്യകൾ ഉൾപ്പെടുന്ന രീതിയിലുമുള്ള ന്യൂജൻ കോഴ്സുകൾ, വിവിധ വിദേശഭാഷകളിൽ പ്രാവീണ്യം നേടുന്നതിനുള്ള കോഴ്സുകൾ എന്നിവ ആരംഭിക്കുമെന്നും സർവ്വകലാശാലയിൽ ഗ്രീൻ ഓഡിറ്റ് ടീം സജ്ജമാക്കുമെന്നും വൈസ് ചാൻസലർ പ്രൊഫ. കെ.കെ. ഗീതാകുമാരി, സിൻഡിക്കേറ്റ് അംഗവും ഫിനാൻസ് കമ്മിറ്റി കൺവീനറുമായ, അഡ്വ. കെ. പ്രേംകുമാർ, രജിസ്ട്രാർ ഡോ. മോത്തി ജോർജ് എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. സർവ്വകലാശാലയുടെ കാലടി മുഖ്യക്യാമ്പസിലെ ഭരണനിർവ്വഹണ സമുച്ചയത്തിലെ സിൻഡിക്കേറ്റ് ഹാളിൽ ചേർന്ന സർവ്വകലാശാല സിൻഡിക്കേറ്റ് യോഗത്തിൽ അവതരിപ്പിച്ച 2026–2027 സാമ്പത്തിക വർഷത്തെ ബജറ്റിലാണ് ഈ തീരുമാനങ്ങൾ.

ഫിനാൻസ് സ്ഥിരം സമിതി കൺവീനർ അഡ്വ. കെ. പ്രേംകുമാർ എം. എൽ. എ. ബജറ്റ് അവതരിപ്പിച്ചു. 165.85 കോടി രൂപ വരവും 177.19 കോടി രൂപ ചെലവുമുള്ള 11.34 കോടി രൂപയുടെ കമ്മി പ്രതീക്ഷിക്കുന്ന ബജറ്റാണ് അവതരിപ്പിച്ചത്. സംസ്കൃത സർവ്വകലാശാലയെ സംസ്ഥാനത്തെ പ്രഥമ കാർബൺ ന്യൂട്രൽ സർവ്വകലാശാലയാക്കുന്നതിനുള്ള പദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കും. സർവ്വകലാശാലയുടെ വിവിധ പഠനവകുപ്പുകളിലും പ്രാദേശിക കേന്ദ്രങ്ങളിലും ഇപ്പോഴുള്ള സ്മാർട്ട് ക്ലാസ് റൂമുകൾ പുതിയ കാലഘട്ടത്തിന് യോജിക്കുന്ന രീതിയിൽ പുനഃസജ്ജീകരിക്കുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിക്കും. ആധുനികസാങ്കേതികവിദ്യകളുപയോഗിച്ചുള്ള അഞ്ച് അതിനൂതന സ്മാർട്ട് ക്ലാസ് റൂമുകൾ വിവിധ വകുപ്പുകളിൽ സ്ഥാപിക്കും. സർവ്വകലാശാലയുടെ എല്ലാ കെട്ടിടങ്ങളിലും മാതൃക സ്ത്രീസൗഹൃദ മുറി ഒരുക്കും. സർവ്വകലാശാലയുടെ പ്രാദേശിക കേന്ദ്രങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതികൾക്ക് ആക്കം കൂട്ടും. കൊയിലാണ്ടി പ്രാദേശിക കേന്ദ്രത്തിലെ അക്കാദമിക് ബ്ലോക്കിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ പ്രാരംഭ നടപടികൾക്കായി 10 ലക്ഷം രൂപ വകയിരുത്തി. സർവ്വകലാശാലയിൽ നിലവിലുള്ള കാലഹരണപ്പെട്ട കമ്പ്യൂട്ടറുകൾ മാറ്റിസ്ഥാപിക്കും. ആദ്യഘട്ടമെന്ന നിലയിൽ വിവിധ പഠന വകുപ്പുകൾക്കും പ്രാദേശിക കേന്ദ്രങ്ങൾക്കും 50 പുതിയ കമ്പ്യൂട്ടറുകൾ വാങ്ങി വിതരണം ചെയ്യും. വിവിധ പഠന വകുപ്പുകളുടെ സഹകരണത്തോടെ പുതിയ ഓൺലൈൻ/ ആഡ് ഓൺ കോഴ്സുകൾ ആരംഭിക്കുന്നതിനായി സർവ്വകലാശാലയുടെ ഓൺലൈൻ ലേണിംഗ് സെന്ററിന് ഒരുകോടി രൂപ വകയിരുത്തി.

അധ്യാപകർക്ക് ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ കന്റ് നിർമ്മിക്കുന്നതിനുള്ള സോഫ്റ്റ്വെയർ അടക്കമുള്ള അടിസ്ഥാന സൗകര്യ വികസനം നടപ്പിലാക്കും. സർവ്വകലാശാലയിലെ ടോയ്ലറ്റുകളുടെ നവീകരണ പ്രവർത്തനങ്ങൾ ഘട്ടംഘട്ടമായി നടപ്പിലാക്കും. ടോയ്ലറ്റുകളും പൊതുടോയ്ലറ്റുകളും നവീകരിക്കുമെന്നും അഡ്വ. കെ. പ്രേംകുമാർ എം.എൽ.എ. പറഞ്ഞു.

റിസർച്ച് ഫെല്ലോഷിപ്പ് വിതരണം ചെയ്യുന്നതിനായി 3 കോടി രൂപയും സാൻസ്ക്രിറ്റ് എൻകറേജ്മെന്റ് സ്കോളർഷിപ്പിനായി 60 ലക്ഷം രൂപയും സർവ്വകലാശാലയുടെ ഐ. ടി. ഇൻഫ്രാസ്ട്രക്ചർ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനും പുതിയ സെർവർ സ്ഥാപിക്കുന്നതിനുമായി 150 ലക്ഷം രൂപയും ബജറ്റിൽ വകയിരുത്തി.

മുഖ്യകേന്ദ്രത്തിലെയും പ്രാദേശിക കേന്ദ്രങ്ങളിലെയും ലൈബ്രറികളിലേക്കും പുസ്തകങ്ങൾ, ഓൺലൈൻ ജേർണലുകൾ ഉൾപ്പെടെയുള്ള ജേർണലുകൾ, ലൈബ്രറിയുടെ സർവ്വതോന്മുഖമായ വികസനം എന്നിവയ്ക്കായി ഒരു കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ദേശീയ അന്തർദ്ദേശീയ സെമിനാറുകൾ സംഘടിപ്പിക്കുന്നതിന് 50 ലക്ഷം രൂപയും സംസ്കൃത പ്രചരണ വിഭാഗങ്ങൾക്ക് 30 ലക്ഷം രൂപയും ശ്രീശങ്കരാചാര്യ അന്താരാഷ്ട്ര പഠന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾക്ക് 140 ലക്ഷം രൂപയും വിവിധങ്ങളായ മറ്റ് പഠനകേന്ദ്രങ്ങൾക്ക് 30 ലക്ഷം രൂപയും വിദ്യാർത്ഥികളിലെ ഗവേഷണാഭിരുചി പ്രോത്സാഹിപ്പിക്കുന്നതിനും അക്കാദമിക മികവ് ഉയർത്തുന്നതിനുമായി റിസർച്ച് ആന്റ് ഡെവലപ്മെന്റ് സെല്ലിന്റെ പ്രവർത്തനങ്ങൾക്ക് 25 ലക്ഷം രൂപയും ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ട് മോഡ് കോഴ്സുകളുടെ നടത്തിപ്പിലേക്കായി 50 ലക്ഷം രൂപയും സർവ്വകലാശാല ക്യാമ്പസ് യൂണിയൻ പ്രവർത്തനങ്ങൾക്ക് 11 ലക്ഷം രൂപയും കായികപരിശീലനത്തിനും വിവിധ കലോത്സവങ്ങൾക്കുമായി 20 ലക്ഷം രൂപ വീതവും കനകധാര മ്യൂസിയം വിപുലപ്പെടുത്തുന്നതിന് 25 ലക്ഷം രൂപയും ബജറ്റിൽ വകയിരുത്തിയിട്ടുന്നെും അഡ്വ. കെ. പ്രേംകുമാർ എം.എൽ.എ. പറഞ്ഞു.

വിവിധ പഠനവകുപ്പുകളുടെ സഹകരണത്തോടെ ഓൺലൈൻ / ആഡ് ഓൺ കോഴ്സുകൾ ആരംഭിക്കുന്നതിലൂടെ അധികവരുമാനം സർവ്വകലാശാല ലക്ഷ്യമിടുന്നു. യു.ജി.സി. പദ്ധതികളുടെ ഭാഗമായി 600 ലക്ഷം രൂപ സർവ്വകലാശാലയ്ക്ക് തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി പൂർത്തീകരിക്കും. സർവ്വകലാശാലയുടെ വികസനം യാഥാർത്ഥ്യമാക്കുന്നതിനും വിവിധ നൂതനപദ്ധതികളുടെ നടത്തിപ്പിനുമായി കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട് ലഭ്യമാക്കും. എൻ.സി.ടി.ഇ. അനുമതി നൽകിയ നൂതനപദ്ധതിയായ ബി.എ- ബി.എഡ്. ഇന്റഗ്രേറ്റഡ് ടീച്ചർ എഡ്യൂക്കേഷൻ പ്രോഗ്രാം ഈ വർഷം ആരംഭിക്കും. 50 സീറ്റാണ് അനുവദിച്ചിരിക്കുന്നതെന്നും അഡ്വ. കെ. പ്രേംകുമാർ എം.എൽ.എ. പറഞ്ഞു. പദ്ധതിയേതര ധനസഹായമായി 8375.52 ലക്ഷം രൂപയും വികസനപ്രവർത്തനങ്ങൾക്കുള്ള പദ്ധതി ധനസഹായമായി 2414 ലക്ഷം രൂപയുമാണ് സർക്കാർ 20262027 സാമ്പത്തിക വർഷത്തെ ബജറ്റിൽ സംസ്ഥാന സർക്കാർ വകയിരുത്തിയിരിക്കുന്നത്. സർക്കാർ ധനസഹായം ഉൾപ്പെടെ പദ്ധതിയേതര ഇനത്തിൽ 9060.61 ലക്ഷം രൂപയും പദ്ധതിയിനത്തിൽ 3067 ലക്ഷം രൂപയും വരുമാനം പ്രതീക്ഷിക്കുന്നു.

പദ്ധതിയിനത്തിൽ 2862 ലക്ഷം രൂപയുടെയും പദ്ധതിയേതരയിനത്തിൽ 103.99 ലക്ഷം രൂപയുടെയും ചെലവുകളും ബജറ്റ് വിഭാവനം ചെയ്യുന്നു.

# ഡിജിറ്റൽ പേയ്മെന്റ് തട്ടിപ്പ്; മുതിർന്ന പൗരന്മാർക്ക് ബോധവൽക്കരണം വ്യാപകമാക്കുന്നു

**തിരുവനന്തപുരം:** റിസർവ് ബാങ്ക് ഉടമസ്ഥതയിലുള്ള നാഷണൽ പേയ്മെന്റ്സ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (എൻപിസിഐ) രാജ്യത്തെ മുതിർന്ന പൗരൻമാർക്കായി ഡിജിറ്റൽ പണമിടപാടുമായി ബന്ധപ്പെട്ട് ബോധവൽക്കരണ പരിപാടികൾ വ്യാപമാക്കുന്നു. സോഷ്യൽ എഞ്ചിനീയറിംഗും മറ്റും ഉപയോഗിച്ച് മുതിർന്ന പൗരൻമാരുടെ പണം തട്ടിക്കുന്ന സംഘങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിലാണ് എൻപിസിഐ ബോധവൽക്കരണ പരിപാടികൾ വ്യാപകമാക്കുന്നത്. സാധാരണയായി പണം തട്ടിക്കുന്ന സംഘങ്ങളേയും അവരുടെ രീതികളേയും കുറിച്ചുള്ള മുന്നറിയിപ്പ് ഉൾപ്പെടെയാണ് ബോധവൽക്കരണം നടത്തുന്നത്. ഡിജിറ്റൽ അറസ്റ്റ്, നിക്ഷേപ വഞ്ചന, ഫിഷിംഗ്/വിഷിംഗ് തട്ടിപ്പുകൾ, ടെക് പിന്തുണ വാഗ്ദാനം ചെയ്തുള്ള തട്ടിപ്പുകൾ, റീഫും പണമിടപാടുമായി ബന്ധപ്പെട്ട ലിങ്കുകൾ മുഖേനയുള്ള തട്ടിപ്പുകൾ തുടങ്ങിയ രീതികളിലൂടെയുള്ള തട്ടിപ്പുകൾക്കെതിരെ ജാഗ്രത പുലർത്തണമെന്ന് എൻപിസിഐ ആവശ്യപ്പെടുന്നു. യുപിഐ പിൻ, പാസ്വേഡുകൾ പോലുള്ള സെൻസിറ്റീവ് വിവരങ്ങൾ മറ്റാരുമായും പങ്കുവയ്ക്കരുതെന്നും പരിചിതമല്ലാത്ത ലിങ്കുകൾ ക്ലിക്ക് ചെയ്യരുതെന്നും അപരിചിത ആപ്പുകൾ ഇൻസ്റ്റോൾ ചെയ്യരുതെന്നും എൻപിസിഐ മുന്നറിയിപ്പുകളിൽ പറയുന്നു. ജാഗ്രതയോടെ മാത്രം നിക്ഷേപം നടത്താനും അപരിചിത കോളുകളോടും എസ്എംഎസുകളോടും പ്രതികരിക്കരുതെന്നും പറയുന്ന എൻപിസിഐ ഇത്തരം സാഹചര്യങ്ങളിൽ അടിയന്തരമായി ദേശീയ സൈബർ ക്രൈം ഹെൽപ്ലൈൻ നമ്പറായ 1930 ഡയൽ ചെയ്യുകയോ ടെലികമ്യൂണിക്കേഷൻ വകുപ്പ് വെബ്സൈറ്റ് (https://sancharsaathi.gov.in/sfc/) വഴി റിപ്പോർട്ട് ചെയ്യുകയോ ചെയ്യാനും നിർദ്ദേശിക്കുന്നു.

# 'ആരോഗ്യ ഫിക്സഡ് ഡെപ്പോസിറ്റ്' പദ്ധതി അവതരിപ്പിച്ച് ഐഡിബിഐ ബാങ്ക്

**കൊച്ചി:** ഐഡിബിഐ ബാങ്ക് 'ആരോഗ്യ ഫിക്സഡ് ഡെപ്പോസിറ്റ്' എന്ന പുതിയ നിക്ഷേപ പദ്ധതി അവതരിപ്പിച്ചു. ഉറപ്പായ പലിശ വരുമാനത്തോടൊപ്പം ആരോഗ്യ ഇൻഷുറൻസ് പരിരക്ഷയും നൽകുന്ന പദ്ധതിയാണിത്. 18 വയസ്സ് മുതൽ 58 വയസ്സ് 11 മാസം വരെ പ്രായമുള്ള റെസിഡന്റ് വ്യക്തികൾക്ക് 7.50 ലക്ഷം 370 ദിവസത്തേക്ക് നിക്ഷേപിക്കാം. നിക്ഷേപത്തോടൊപ്പം 15 ലക്ഷം വരെ ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ ലഭിക്കും.

ഇൻഷുറൻസ് പരിരക്ഷ കെയർ ഹെൽത്ത് ഇൻഷുറൻസ് വഴിയാണ് ലഭ്യമാക്കുന്നത്. ഉപഭോക്താക്കളുടെ സാമ്പത്തിക സ്ഥിരതയും ആരോഗ്യ സുരക്ഷയും ഒരുമിച്ച് ഉറപ്പാക്കുന്നതാണ് പദ്ധതിയുടെ ലക്ഷ്യമെന്ന് ബാങ്ക് അധികൃതർ അറിയിച്ചു.

# ഇന്ത്യ എ ഐ ഇംപാക്ട് ഉച്ചകോടി 2026ന് തുടക്കം

**കൊച്ചി:** ഇന്ത്യ എഐ ഇംപാക്ട് ഉച്ചകോടി 2026ന് ഭാരത് മണ്ഡപത്തിൽ തുടക്കമായി. ഇതാദ്യമായാണ് നിർമിത ബുദ്ധിയുമായി ബന്ധപ്പെട്ട ഇത്രയും വലിയ തോതിലുള്ള ഒരു ആഗോള സംഗമം ഗ്ലോബൽ സൗത്തിൽ സംഘടിപ്പിക്കുന്നത്. എല്ലാവരേയും ഉൾക്കൊള്ളുന്ന വളർച്ച കൈവരിക്കുന്നതിനും, പൊതുസംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനും, സുസ്ഥിര വികസനം സാധ്യമാക്കുന്നതിനും എഐ വഹിക്കുന്ന പങ്കിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി രാഷ്ട്രത്തലവന്മാർ, സർക്കാർ പ്രതിനിധികൾ, മന്ത്രിമാർ, ആഗോള സാങ്കേതിക വിദ്യാരംഗത്തെ പ്രമുഖർ, പ്രശസ്തരായ ഗവേഷകർ, ബഹുരാഷ്ട്ര സ്ഥാപനങ്ങൾ, വ്യവസായ മേഖലയിലെ പങ്കാളികൾ എന്നിവർ ഉച്ചകോടിയിൽ ഒത്തുചേരും.

ഫെബ്രുവരി 19ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ഉച്ചകോടിയെ അഭിസംബോധന ചെയ്ത് സംസാരിക്കും. 2026 ഫെബ്രുവരി 20 വരെ നീുനിൽക്കുന്ന അഞ്ച് ദിവസത്തെ ഉച്ചകോടിയിൽ നൂറിലധികം സർക്കാർ പ്രതിനിധികൾ പങ്കെടുക്കും. ഇതിൽ ഇരുപതിലധികം രാഷ്ട്രത്തലവന്മാരും സർക്കാർ പ്രതിനിധികളും, 60 മന്ത്രിമാരും ഉപമന്ത്രിമാരും ഉൾപ്പെടുന്നു. കൂടാതെ സിഇഒമാർ, സ്ഥാപകർ, അക്കാദമിക് വിദഗ്ധർ, ഗവേഷകർ, സിടിഒമാർ, ജീവകാരുണ്യ സംഘടനകൾ എന്നിവരടങ്ങുന്ന 500ലധികം ആഗോള എഐ നേതാക്കളും ഉച്ചകോടിയുടെ ഭാഗമാകും.

ഉച്ചകോടിയുടെ പ്രധാന ആകർഷണമായ മൂന്ന് സുപ്രധാന 'ഗ്ലോബൽ ഇംപാക്ട് ചലഞ്ചുകളുടെ എഐ ഫോർ ഓൾ, എഐ ബൈ ഹെർ, യുവ എഐ, എന്നിവയുടെ ഫൈനലിസ്റ്റുകളുടെ പ്രഖ്യാപനവും ഗ്രാൻഡ് ഫിനാലെ പ്രദർശനവും ഈ ചടങ്ങിൽ നടക്കും. എല്ലാവരേയും ഉൾക്കൊള്ളുന്നതും ഉത്തരവാദിത്തമുള്ളതും വികസനോന്മുഖവുമായ നിർമിതബുദ്ധി പ്രോത്സാഹിപ്പിക്കുന്നതിനായി രൂപകൽപ്പന ചെയ്ത ഈ ചലഞ്ചുകൾ, ദേശീയ മുൻഗണനകൾക്കും ആഗോള വികസന ലക്ഷ്യങ്ങൾക്കും അനുസൃതമായതും വലിയ തോതിൽ സ്വാധീനം ചെലുത്താൻ കഴിയുന്നതുമായ എഐ പരിഹാരങ്ങൾ കണ്ടെത്താനാണ് ലക്ഷ്യമിടുന്നത്. 60ലധികം രാജ്യങ്ങളിൽ നിന്നായി 4,650ലധികം അപേക്ഷകളാണ് ഈ ചലഞ്ചുകളിലേക്ക് ലഭിച്ചത്. ഇത് അന്താരാഷ്ട്ര തലത്തിലുള്ള ശക്തമായ പങ്കാളിത്തത്തെ സൂചിപ്പിക്കുന്നുണ്ടെന്ന് മാത്രമല്ല, ഉത്തരവാദിത്തമുള്ളതും വിപുലീകരിക്കാൻ കഴിയുന്നതുമായ എഐ നവീകരണത്തിനുള്ള വിശ്വസനീയമായ ആഗോള കേന്ദ്രമായി ഇന്ത്യ ഉയർന്നുവരുന്നതിനെ അടിവരയിടുകയും ചെയ്യുന്നു.

ഡൊമെയ്ൻ വിദഗ്ധർ, നയരൂപകർത്താക്കൾ, വ്യവസായ പ്രമുഖർ എന്നിവരുടെ നേതൃത്വത്തിൽ നടത്തിയ വിവിധ ഘട്ടങ്ങളിലെ കർശനമായ വിലയിരുത്തലുകൾക്ക് ശേഷം, മൂന്ന് വിഭാഗങ്ങളിലായി മികച്ച 70 ടീമുകളെ ഫൈനലിസ്റ്റുകളായി തിരഞ്ഞെടുത്തു. ഇന്ത്യൻ ഇൻസ്റ്റിറ്റിയൂട്ട് ഓഫ് ടെക്നോളജി ഹൈദരാബാദുമായി സഹകരിച്ച് സംഘടിപ്പിക്കുന്ന നിർമിതബുദ്ധിയും അതിന്റെ സ്വാധീനവും എന്ന വിഷയത്തിലുള്ള ഗവേഷണ സിമ്പോസിയം ഇന്ന് നടക്കും. ആഫ്രിക്ക, ഏഷ്യ, ലാറ്റിൻ അമേരിക്ക എന്നിവിടങ്ങളിൽ നിന്നായി ഏകദേശം 250 ഗവേഷണ പ്രബന്ധങ്ങളാണ് സിമ്പോസിയത്തിന് ലഭിച്ചത്.

എസ്റ്റോണിയൻ പ്രസിഡന്റ് അലാർ കരിസ്, കേന്ദ്ര ഇലക്ട്രോണിക്സ്, വിവരസാങ്കേതിക മന്ത്രി ശ്രീ. അശ്വിനി വൈഷ്ണവ്, കേന്ദ്ര സഹമന്ത്രി ശ്രീ. ജിതിൻ പ്രസാദ എന്നിവർ ചടങ്ങിൽ സംബന്ധിക്കും. നിർമിതബുദ്ധി അധിഷ്ഠിത ശാസ്ത്രീയ കണ്ടെത്തലുകൾ, സുരക്ഷാഭരണ ചട്ടക്കൂടുകൾ, കമ്പ്യൂട്ട് ഇൻഫ്രാസ്ട്രക്ചറിലേക്കുള്ള തുല്യമായ പ്രവേശനം, ഗ്ലോബൽ സൗത്തിലുടനീളമുള്ള ഗവേഷണ സഹകരണം എന്നിവയെക്കുറിച്ച് ചർച്ച ചെയ്യാൻ ലോകപ്രശസ്തരായ എ.ഐ വിദഗ്ധരേയും പ്രമുഖ ഗവേഷണ സ്ഥാപനങ്ങളേയും ഈ വേദി ഒരുമിച്ച് കൊണ്ടുവരുന്നു.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** വനിത ശിശു വികസന വകുപ്പിന് കീഴിലുള്ള എറണാകുളം ജില്ലയിലെ വൈപ്പിൻ ഐസിഡിഎസ് പ്രോജക്റ്റ് ഓഫീസിലെ 127 അങ്കണവാടികളിലേക്ക് 2025-26 സാമ്പത്തിക വർഷം പ്രീസ്കൂൾ എഡ്യുക്കേഷൻ കിറ്റ് വിതരണം ചെയ്യുന്നതിനായി ടെൻഡർ ക്ഷണിച്ചു. ഫെബ്രുവരി 25 ഉച്ചയ്ക്ക് 2 വരെ ടെൻഡറുകൾ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന വൈപ്പിൻ വികസന പദ്ധതി ഓഫീസിൽ പ്രവൃത്തി സമയങ്ങളിൽ ബന്ധപ്പെടാവുന്നതാണ്. ഫോൺ: 0484 2496656

## 'ഹലോ ക്യാഷ്ബാക്ക്' ക്രെഡിറ്റ് കാർഡ് പുറത്തിറക്കി ഐഡിഎഫ്സി ഫസ്റ്റ് ബാങ്ക്

**കൊച്ചി:** ഐഡിഎഫ്സി ഫസ്റ്റ് ബാങ്ക് 'ഹലോ ക്യാഷ്ബാക്ക്' ക്രെഡിറ്റ് കാർഡ് അവതരിപ്പിച്ചു. ഫിക്സഡ് ഡെപ്പോസിറ്റ് അടിസ്ഥാനമാക്കിയുള്ള ഈ കാർഡ് 18 വയസ്സ് കഴിഞ്ഞ ഡിജിറ്റൽ സൗഹൃദ ഉപഭോക്താക്കളെ ലക്ഷ്യമിട്ടുള്ളതാണ്. ഓൺലൈൻ ചെലവുകളിൽ 10,000 വരെ 3% ക്യാഷ്ബാക്കും അതിന് മുകളിലുള്ള ചെലവുകൾക്ക് 5% ക്യാഷ്ബാക്കും ലഭിക്കും. ഇൻസ്റ്റോർ, യു.പി.ഐ ഇടപാടുകൾക്കും അത്യാവശ്യ വിഭാഗങ്ങൾക്കുമുള്ള ചെലവുകൾക്ക് 1% ക്യാഷ്ബാക്ക് ലഭിക്കും. ബാങ്കിന്റെ ആപ്പ് വഴി നടത്തുന്ന യാത്രാ ബുക്കിംഗുകൾക്ക് 6% വരെ ക്യാഷ്ബാക്ക് ലഭ്യമാണ്. 100% FDലിങ്ക്ഡ് ക്രെഡിറ്റ് പരിധിയോടുകൂടിയ ഈ കാർഡ് ക്രെഡിറ്റ് ചരിത്രം നിർമ്മിക്കാൻ ഉപകരിക്കും. ജോയിനിംഗ് ഫീസ് മാർച്ച് 31, 2026 വരെ ഒഴിവാക്കിയിട്ടുണ്ട്.

## ജെ.എസ്. എസ്: ഭാരവാഹികളെ തിരഞ്ഞെടുത്തു



ജെ. എസ്. എസ് എറണാകുളം ജില്ലാ പ്രസിഡന്റ് മധു അയ്യമ്പിള്ളി



ജെ. എസ്. എസ് എറണാകുളം ജില്ലാ സെക്രട്ടറി വി.കെ സുനിൽകുമാർ

**കൊച്ചി:** ജെ. എസ്. എസ് എറണാകുളം ജില്ലാ പ്രസിഡന്റായി മധു അയ്യമ്പിള്ളിയെയും ജനറൽ സെക്രട്ടറിയായി വി.കെ സുനിൽ കുമാറിനെയും തിരഞ്ഞെടുത്തു. ജെ.എസ്. എസ് എറണാകുളം ജില്ലാ സമ്മേളനത്തിലായിരുന്നു ഭാരവാഹികളെ തിരഞ്ഞെടുത്തത്. കൈലാസ് റാവു (വർക്കിംഗ് പ്രസിഡന്റ്), അഡ്വ. ശ്രീകാന്ത് (വൈസ് പ്രസിഡന്റ്), അഡ്വ. കെ വി.ഭാസി, അഡ്വ.സുനിത കെ വിനോദ്, എം.ജി.ചന്ദ്രബോസ്, ടി.എം വിനോദ്കുമാർ, എം.കെ ബാഹുലേയൻ, രജീഷ്കുമാർ, ഗോപാലകൃഷ്ണൻ, ഇ.എം മുരുകൻ, ടി.ഡി അശോക് കുമാർ, എൻ.എസ് രാജു, റഷീദ് മുക്കൽ, കെ.എം മനു , ആന്റണി, ബിജു, അയ്യപ്പൻകുട്ടി, അജ്മൽ, ഗിരിജ രാമകൃഷ്ണൻ, പ്രേംരാജ്, രാജേഷ്, ആഷിക്, ജോയി സിറംല, ഷാജിത അനീസ്യ രാജേഷ്, സിസിലി (കമ്മിറ്റി അംഗങ്ങൾ) എന്നിവാരണ് 30 അംഗ കമ്മിറ്റിയിലെ മറ്റ് ഭാരവാഹികൾ. ജെ.എസ്. എസ് സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ.എ എൻ രാജൻബാബു സമ്മേളനം ഉദ്ഘാടനം ചെയ്തു.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേരള സർക്കാർ സ്ഥാപനമായ ഐ.എച്ച്.ആർ.ഡി.യുടെ തിരുവനന്തപുരം മുട്ടടയിലെ റീജിയണൽ സെന്ററിൽ ഫെബ്രുവരി 24ന് നടക്കുന്ന അഡ്വാൻസ്ഡ് എക്സൽ വർക്ക്ഷോപ്പിലേക്ക് അപേക്ഷ ക്ഷണിച്ചു. അടിസ്ഥാന യോഗ്യത പ്ലസ്ടു. ഫീസ് 750+ജി.എസ്.ടി. ഫോൺ : 8136882389, 9495069307, 8547005087, 9895570442, 04712660512

# കേരള മാസ്റ്റർ പ്രിന്റേഴ്സ് അസോസിയേഷൻ പ്രിന്റ് ആന്റ് ബിയോണ്ട് പത്താം എഡിഷൻ 28ന്

**കൊച്ചി:** കേരള മാസ്റ്റർ പ്രിന്റേഴ്സ് അസോസിയേഷൻ പ്രിന്റ് ആന്റ് ബിയോണ്ട് സെമിനാർ പത്താം എഡിഷൻ ഫെബ്രുവരി 28ന് റാഡിസൺ ബ്ലൂ ഹോട്ടലിൽ നടക്കും. കേരളത്തിലെ പ്രിന്റിങ്ങ് മേഖലയുടെ വികസനത്തിന് നിസ്വാർത്ഥമായ സേവനം അനുഷ്ഠിച്ച പ്രിന്റേഴ്സ് കാസിൽ ഉടമ ജോസ് ജോസഫിന്റെ സ്മരണാർഥമാണ് കേരള മാസ്റ്റർ പ്രിന്റേഴ്സ് അസോസിയേഷൻ പരിപാടി സംഘടിപ്പിക്കുന്നത്. 'ആഗോളവത്ക്കരിക്കപ്പെട്ട ലോകത്ത് പ്രിന്റിന്റെ അതിജീവനം' എന്നതാണ് ഈ വർഷത്തെ പ്രമേയം.

കെ.എം.പി.എ. സംസ്ഥാന പ്രസിഡന്റ് ലൂയിസ് ഫ്രാൻസിസിന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന യോഗം ആൾ ഇന്ത്യ ഫെഡറേഷൻ ഓഫ് മാസ്റ്റർ പ്രിന്റേഴ്സ് പ്രസിഡന്റ് സി. രവീന്ദർ റെഡ്ഡി ഉദ്ഘാടനം ചെയ്യും. പ്രിന്റ് ആന്റ് ബിയോണ്ട് 2026 ചെയർമാൻ രാജു എൻ. കുട്ടി സെമിനാർ പരിചയപ്പെടുത്തും. മുംബൈ സ്റ്റെർഡ പാക്കേജിംഗ് ആന്റ് ബൈന്റ് വെൽ മാനേജിംഗ് ഡയറക്ടർ സജിത്ത് പള്ളിപ്പുറം 'കേരളത്തിൽ നിന്ന് ആഗോള തലത്തിലേക്ക്' എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തും. സൂറത്ത് കാംബെ ഫുഡ് സർവീസ് പാക്കേജിംഗ് എം.ഡി. പുൽകിറ്റ് ഛപാരിയ, ഗ്രേറ്റർ നോയിഡ ഹോളോസേഫ് സെക്യൂരിറ്റി ലേബൽസ് ഡയറക്ടറും ബിസിനസ് ഡവലപ്മെന്റ് ഹെഡുമായ പ്രീതി മിശ്ര എന്നിവർ വിഷയങ്ങൾ അവതരിപ്പിക്കും. കോർപറേറ്റ് ട്രെയിനറും മോട്ടിവേഷണൽ സ്പീക്കറുമായ ഷമീം റഫീക്ക്, പ്രിന്റ് വീക്ക് ഇന്ത്യ ആന്റ് വാട്ട് പാക്കേജിംഗ് മാഗസിൻ എഡിറ്റർ രാമു രാമനാഥൻ, ഹരിയാന മഹർഷി വാത്മീകി സംസ്കൃത സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. ഡോ. രാജേന്ദ്രകുമാർ അനായത്ത്, ആൾ ഇന്ത്യ ഫെഡറേഷൻ ഓഫ് മാസ്റ്റർ പ്രിന്റേഴ്സ് ജനറൽ സെക്രട്ടറി മെഹുൽ എ ദേശായി, എന്നിവർ വിവിധ സെഷനുകൾ അവതരിപ്പിക്കും.

# യെല്ലോ ക്ലൗഡ് ഇസിഎൽ 2.0: അൽമിയ സോളാർ വാരിയേഴ്സിന് കിരീടം

**കൊച്ചി:** എന്റർപ്രണർ ക്രിക്കറ്റ് ലീഗ് രാം സീസണിൽ മലപ്പുറം അൽമിയ സോളാർ വാരിയേഴ്സ് വിജയകിരീടം ചൂടി. അൽനിഷാൻ ഷാഹുലിന്റെ ഉടമസ്ഥതയിലുള്ള അൽമിയ സോളാർ വാരിയേഴ്സും, അരുൺ എസ്. ചന്ദ്രന്റെ ഉടമസ്ഥതയിലുള്ള ഐഡ കോട്ടയം ബാറ്റ്ലിയൺസും തമ്മിലുള്ള പോരാട്ടം ടൂർണമെന്റിലെ ഏറ്റവും ശ്രദ്ധേയമായ ഒന്നായിരുന്നു.




വാശിയേറിയ ഫൈനൽ മത്സരത്തിൽ എതിരാളികൾ ഉയർത്തിയ 95 റൺസ് വിജയലക്ഷ്യം 9.1 ഓവറിൽ 7 വിക്കറ്റ് നഷ്ടത്തിൽ മറികടന്നാണ് അൽമിയ സോളാർ വാരിയേഴ്സ് 3 വിക്കറ്റിന്റെ ആവേശജയം സ്വന്തമാക്കിയത്. വെറും 15 പന്തുകളിൽ നിന്ന് 5 സിക്സറുകളും 2 ഫോറുകളുമടക്കം 43 റൺസ് നേടി വെടിക്കെട്ട് പ്രകടനം കാഴ്ചവെച്ച കെ.ഡി ഫൈനലിലെ താരമായി തിരഞ്ഞെടുക്കപ്പെട്ടു. സമാപന ചടങ്ങിൽ ചലച്ചിത്ര താരം സിജു വിൽസൺ വിജയികൾക്ക് ട്രോഫികളും ക്യാഷ് പ്രൈസുകളും സമ്മാനിച്ചു.

യല്ലോ ക്ലൗഡ് ഉടമ ശിവപ്രസാദ് എം, ചലച്ചിത്ര താരം ശ്രീറാം രാമചന്ദ്രൻ, അൻസാരി, ആര്യ ലക്ഷ്മി, ജിക്സൺ ഫ്രാൻസിസ് തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു. ടൂർണമെന്റിലുടനീളം മികച്ച പ്രകടനം കാഴ്ചവെച്ച കളിക്കാർക്കും പുരസ്ക്കാരം നൽകി.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ടാറ്റ മോട്ടോഴ്സ് ഇൻഡോനേഷ്യയിൽ 70,000 വാണിജ്യ വാഹനങ്ങൾ വിതരണം ചെയ്യും

**കൊച്ചി:** ടാറ്റ മോട്ടോഴ്സിന്റെ ഉടമസ്ഥതയിലുള്ള പരോക്ഷ ഉപ സ്ഥാപനമായ പി.ടി. ടാറ്റ മോട്ടോഴ്സ് ഡിസ്ട്രിബ്യൂസി ഇന്തോനേഷ്യ, ഇന്തോനേഷ്യയിൽ 70,000 വാഹനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള കരാറിൽ ഒപ്പുവച്ചു. കൃഷി ആവശ്യങ്ങൾക്കും ഗ്രാമീണ ലോജിസ്റ്റിക്സിനും, പ്രത്യേകിച്ച് ഫാം ടു മാർക്കറ്റ് ഗതാഗതത്തിനും ചരക്കു നീക്കത്തിനുമായി ഈ വാഹനങ്ങൾ ഉപയോഗിക്കും. ടാറ്റ മോട്ടോർസ് 35,000 യൂണിറ്റ് വീതം ടാറ്റ യോദ്ധയും (പിക്അപ്പ്) ടാറ്റ അൾട്രാ ടി.7നും (ട്രക്ക്) വിതരണം ചെയ്യും. ഈ വാഹനങ്ങൾ ഇൻഡോനേഷ്യൻ സർക്കാർ ഉടമസ്ഥതയിലുള്ള പിടി അഗ്രിനാസ് പാംഗൻ നുസാന്താരയ്ക്കാണ് കൈമാറുക. കാർഷിക വിതരണ ശൃംഖല നവീകരണം, ഗ്രാമീണ സഹകരണസംഘങ്ങളുടെ ശക്തീകരണം, ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതികൾ എന്നിവയ്ക്കായാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. ഈ വാഹനങ്ങൾ രാജ്യത്തെ ഗ്രാമീണ ബന്ധം, ഉപജീവനമാർഗങ്ങൾ, സാമ്പത്തിക പ്രതിരോധ ശേഷി എന്നിവ ശക്തിപ്പെടുത്താൻ സഹായിക്കും. വ്യത്യസ്തവും കഠിനവുമായ പ്രവർത്തന സാഹചര്യങ്ങൾക്ക് അനുയോജ്യമായി രൂപകൽപ്പന ചെയ്തിരിക്കുന്ന ടാറ്റയുടെ ട്രക്കുകളും പിക്അപ്പുകളും ലോജിസ്റ്റിക്സ് ചെലവ് കുറയ്ക്കുകയും രാജ്യത്തുടനീളം ചരക്കുകൾ കാര്യക്ഷമമായി നീക്കാൻ സഹായിക്കുകയും ചെയ്യും. ഘട്ടംഘട്ടമായി വാഹനങ്ങൾ വിതരണം

ചെയ്യുമെന്ന് കമ്പനി അറിയിച്ചു. അന്താരാഷ്ട്ര വിപണികളിൽ ഇന്ത്യൻ വാണിജ്യ വാഹനങ്ങൾക്ക് ലഭിക്കുന്ന അംഗീകാരവും വിശ്വാസവുമാണ് ഈ ഓർഡർ തെളിയിക്കുന്നതെന്നും കാർഷിക, ലോജിസ്റ്റിക്സ് രംഗത്ത് കൂടുതൽ കാര്യക്ഷമത കൈവരിക്കാൻ ഈ വാഹനങ്ങൾ സഹായിക്കുമെന്നും പി.ടി. ടാറ്റ മോട്ടോഴ്സ് ഡിസ്ട്രിബ്യൂസി ഇന്തോനേഷ്യ ഡയറക്ടർ അസിഫ് ഷമീം പറഞ്ഞു.

# ജീവനക്കാർക്ക് കാറുകൾ സമ്മാനിച്ച് ഹൈലൈറ്റ് ഗ്രൂപ്പ്



**കോഴിക്കോട്:** കേരളത്തിന്റെ നിർമ്മാണ വാണിജ്യ മേഖലയിൽ വിപ്ലവം സൃഷ്ടിച്ച ഹൈലൈറ്റ് ഗ്രൂപ്പ് മുപ്പതിന്റെ നിറവിൽ. ഗ്രൂപ്പിന്റെ വളർച്ചയിൽ നിർണ്ണായക പങ്ക് വഹിച്ച 47 ജീവനക്കാർക്കായി മൊത്തം 20 കോടി രൂപ വിലമതിക്കുന്ന ആഡംബര കാറുകൾ സമ്മാനമായി നൽകി കൊാണ് കമ്പനി ഈ നേട്ടം ആഘോഷമാക്കിയത്. ഇതോടൊപ്പം, 2030ഓടെ കേരളത്തിലുടനീളം 50 ദശലക്ഷം ചതുരശ്ര അടി വിസ്തൃതിയിൽ പുതിയ വികസന പദ്ധതികൾ നടപ്പിലാക്കുമെന്ന പ്രഖ്യാപനവും മാനേജ്മെന്റ് നടത്തി. ഈ പുതിയ പദ്ധതികളിലൂടെ കേരളത്തിൽ ര് ലക്ഷത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നും ഹൈലൈറ്റ് ഗ്രൂപ്പ് അറിയിച്ചു. ഐടി പാർക്കുകൾ,
വാണിജ്യ കേന്ദ്രങ്ങൾ, അത്യാധുനിക നഗരകേന്ദ്രങ്ങൾ എന്നിവയിലൂടെ കേരളത്തെ ആഗോള നിക്ഷേപ ഭൂപടത്തിൽ മുൻനിരയിൽ എത്തിക്കുകയാണ് ലക്ഷ്യം. റേഞ്ച് റോവറുകൾ, ഔഡി ക്യൂ8, ലാൻഡ് റോവർ ഡിഫൻഡർ തുടങ്ങിയ ആഡംബര മോഡലുകളും ടാറ്റ ഹാരിയർ, കിയ സെൽറ്റോസ്, ഹ്യുായ് ക്രെറ്റ, സ്കോഡ കൈലാക് തുടങ്ങിയ ജനപ്രിയ മോഡലുകളുമാണ് വാർഷികാഘോഷങ്ങളുടെ ഭാഗമായി ജീവനക്കാർക്ക് സമ്മാനിച്ചത്. കമ്പനിയുടെ വളർച്ചയിൽ നിർണായക പങ്കുവഹിച്ച തിരഞ്ഞെടുക്കപ്പെട്ട 47 ജീവനക്കാർക്കാണ് കാറുകൾ സമ്മാനിച്ചത്. കഴിഞ്ഞ മൂന്ന് പതിറ്റാുകളായി കേരളത്തിന്റെ വികസനത്തിന് മികച്ച സംഭാവനകൾ നൽകാനാണ് തങ്ങൾ ശ്രമിച്ചതെന്നും എക്കാലവും നിലനിൽക്കുന്ന മികച്ച ഇടങ്ങൾ സൃഷ്ടിക്കുക എന്നതാണ് തങ്ങളുടെ ലക്ഷ്യമെന്നും ഹൈലൈറ്റ് ഗ്രൂപ്പ് ചെയർമാൻ പി. സുലൈമാൻ വ്യക്തമാക്കി. കേരളത്തിന്റെ ഭാവിയിലുള്ള ആത്മവിശ്വാസത്തെ പ്രതിഫലിപ്പിക്കുന്ന ഞങ്ങളുടെ പ്രഖ്യാപനങ്ങൾ പ്രാദേശികമായ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനൊപ്പം ആഗോള സാമ്പത്തിക രംഗത്ത് കേരളത്തിന്റെ സ്ഥാനം ഉയർത്താനും സഹായിക്കുമെന്ന് ഹൈലൈറ്റ് ഗ്രൂപ്പ് സി.ഇ.ഒ അജിൽ മുഹമ്മദ് അഭിപ്രായപ്പെട്ടു.

# ലൈവ് ഗ്ലോബൽ ഗെയിമിംഗ് റിയാലിറ്റി ഷോ ഗുഡ് ഗെയിം ഇന്ത്യയിൽ

**കൊച്ചി:** ഇന്ത്യയുടെ ആദ്യ ഗ്ലോബൽ ഗെയിമിംഗ് സൂപ്പർസ്റ്റാറിനെ കത്തുന്നതിനായി ലോകത്തെ ആദ്യ ലൈവ് ഗ്ലോബൽ ഗെയിമിംഗ് റിയാലിറ്റി ഷോ ഗുഡ് ഗെയിം ഇന്ത്യയിൽ ആരംഭിച്ചു. നടിയും സംരംഭകയുമായ സാമന്ത റൂത്ത് പ്രഭുവാണ് ഗ്ലോബൽ ബ്രാൻഡ് അംബാസഡർ. ഇന്ത്യൻ ക്രിക്കറ്റ് താരം റിഷഭ് പന്ത്, പ്രശസ്ത ഗെയിമിംഗ് കന്റ് ക്രിയേറ്റർ ഉജ്ജ്വൽ ചൗരസ്യ (ടെക്നോ ഗെയ്മേഴ്സ്) എന്നിവരും ഗുഡ് ഗെയിമിന്റെ ഗ്ലോബൽ അംബാസഡർമാരാണ്.റിയാലിറ്റി ഷോ വിജയിക്ക് ഒരു കോടി രൂപ സമ്മാനത്തുകയുണ്ട്. ഷോയ്ക്കായി പ്രതിവർഷം 100 കോടി രൂപവരെ നിക്ഷേപിക്കാനാണ് ഗുഡ് ഗെയിമിന്റെ പദ്ധതി. ഇസ്പോർട്സ്, വിനോദം, പ്രകടനകലകൾ എന്നിവ സംയോജിപ്പിച്ച പ്രത്യേക മത്സര രൂപത്തിലാണ് ഷോ ഒരുക്കിയിരിക്കുന്നത്. മത്സരാർത്ഥികളുടെ ഗെയിമിംഗ് കഴിവിനൊപ്പം സൃഷ്ടിപരത, ക്യാമറ സാന്നിധ്യം, സമ്മർദ്ദത്തിൽ പ്രകടനം എന്നിവയും വിലയിരുത്തും. ഇന്ത്യയിലെ വലിയ ഗെയിമിംഗ്, വിനോദ സമൂഹങ്ങളെ ഒരേ വേദിയിൽ കൊുവരികയും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലെ പ്രതിഭകൾക്ക് ആഗോള അവസരങ്ങൾ തുറക്കുന്നതുമാണ് ഈ ഷോയെന്ന് ഗുഡ് ഗെയിം സ്ഥാപകൻ റൈ കോക്ഫീൽഡും സാമന്ത റൂത്ത് പ്രഭുവും പറഞ്ഞു.

18 വയസ്സിന് മുകളിലുള്ള ഇന്ത്യൻ പൗരന്മാർക്കു ഓഡിഷനിൽ പങ്കെടുക്കാം. ഷോർട്ലിസ്റ്റ് ചെയ്യുന്നവരെ നേരിട്ട് ഓഡിഷനായി ക്ഷണിക്കും. മുംബൈ: ഫെബ്രുവരി 14, 15. ഡൽഹി: ഫെബ്രുവരി 28,മാർച്ച് 1 എന്നിങ്ങനെയാണ് ഓഡിഷൻ തീയതികൾ.

# ഇഡിഐഐയിൽ ടെക് സ്റ്റാർട്ട്അപ്പ് എന്റർപ്രണർഷിപ്പ് പിജി ഡിപ്ലോമ

**കൊച്ചി:** അഹമ്മദാബാദിലുള്ള എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് ഇൻസ്റ്റിറ്റിയൂട്ട് ഓഫ് ഇന്ത്യ (ഇഡിഐഐ) ബംഗലൂരുവിൽ ടെക് സ്റ്റാർട്ട്അപ്പുകൾക്കായുള്ള എന്റർപ്രണർഷിപ്പ് പിജി ഡിപ്ലോമാ കോഴ്സ് ആരംഭിക്കും. എഐസിടിഇ അംഗീകാരമുള്ളതാണ് മാനേജുമെന്റിലുള്ള ഈ ബിരുദാനന്തര ഡിപ്ലോമ. സംരംഭകത്വ അറിവുകൾ, മെന്റർഷിപ്പ്, സംരംഭ വികസന പിന്തുണ തുടങ്ങിയവയുമായി വൻ സാധ്യതകളുള്ള ആശയങ്ങളെ വിജയകരമായ സ്റ്റാർട്ട്അപ്പുകളാക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. വിദ്യാഭ്യാസ സാങ്കേതികവിദ്യ, ആരോഗ്യ മേഖലയിലെ സാങ്കേതികവിദ്യ, എഐ അധിഷ്ഠിത ബിസിനസുകൾ, ഡിജിറ്റൽ മുന്നേറ്റങ്ങൾ തുടങ്ങിയവയിൽ പുതിയ ഡിപ്ലോമ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കും. സാങ്കേതികവിദ്യാ പ്രൊഫഷണലുകൾ, സ്ഥാപനങ്ങൾ തുടങ്ങുന്നതിന്റെ പ്രാരംഭ ദിശയിലുള്ളവർ, പുതുമകളുമായി എത്തുന്ന ബിരുദധാരികൾ തുടങ്ങിയവർക്ക് അനുയോജ്യമാണ് ഇത്. രാജ്യത്തെ സാങ്കേതികവിദ്യാ മുന്നേറ്റങ്ങളുടെ ഹബ് ആണ് ബംഗലൂരു എന്നത് ഈ മേഖലയിലെ സ്പെഷലൈസേഷൻ ഇവിടെ തുടങ്ങാൻ തങ്ങളെ പ്രേരിപ്പിച്ചതായി ഇഡിഐഐ ഡയറക്ടർ ജനറൽ ഡോ. സുനിൽ ശുക്ല പറഞ്ഞു. സംരംഭങ്ങളിലൂടെ മുന്നേറാൻ ആഗ്രഹിക്കുന്ന യുവാക്കൾക്ക് ഇതൊരു വഴികാട്ടിയാകും എന്നും അദ്ദേഹം പറഞ്ഞു.

## പുതിയ ക്യാമ്പയിനുമായി സിപ്ല

**കോഴിക്കോട്:** ഇന്ത്യയിലെ പ്രമേഹ നിയന്ത്രണത്തിലുള്ള വെല്ലുവിളികളും ഇൻസുലിൻ ചികിത്സയോടുള്ള ഭയവും ഇല്ലാതാക്കുന്നതിനായി സിപ്ല, നടി രവീണ ടന്റെ പങ്കാളിത്തത്തോടെ ഇൻഹേൽഡ് ചേഞ്ച് എന്ന ക്യാമ്പയിൻ ആരംഭിച്ചു. 'കൃത്യസമയത്തുള്ള ഇൻസുലിൻ ചികിത്സ വലിയ മാറ്റങ്ങൾ കൊണ്ടുവരുമെന്ന് എൻഡോക്രൈനോളജിസ്റ്റായ ഡോ. എം.വി വിമൽ പറഞ്ഞു. എന്നാൽ ഭയം, തെറ്റായ വിവരങ്ങൾ, മാനസികമായ മടുപ്പ് എന്നിവ കാരണം പല രോഗികളും മടിക്കുന്നു. ചികിത്സാ രീതികളെ ലളിതമായി വിശദീകരിക്കുകയും അവ കൂടുതൽ സ്വീകാര്യമാക്കുകയും ചെയ്യുന്ന ശ്രമങ്ങൾ സ്വാഗതാർഹമാണെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യയിൽ 10 കോടിയിലധികം പ്രമേഹരോഗികളുണ്ടെങ്കിലും, വെറും 7 ശതമാനം ആളുകൾക്ക് മാത്രമാണ് രക്തത്തിലെ പഞ്ചസാരയുടെ അളവ് നിയന്ത്രിക്കാൻ സാധിക്കുന്നത് എന്ന പശ്ചാത്തലത്തിലാണ് ഈ നീക്കമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. പഠനത്തിലൂടെയും ശാക്തീകരണത്തിലൂടെയും ഇൻസുലിൻ ചികിത്സയെക്കുറിച്ചുള്ള തെറ്റായ ധാരണകൾ തിരുത്തുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

## പുതിയ 'ഫണ്ട് ഓഫ് ഫണ്ട്സ്' അവതരിപ്പിച്ച് ഡിഎസ്പി മ്യൂച്വൽ ഫണ്ട്

**കൊച്ചി:** ഇന്ത്യയിലെ മുൻനിര അസറ്റ് മാനേജ്മെന്റ് കമ്പനിയായ ഡിഎസ്പി മ്യൂചൽ ഫണ്ട് 'ഡിഎസ്പി മൾട്ടി അസറ്റ് ഓമ്നി ഫ്ണ്ട ഓഫ് ഫ്ണ്ടസ്' അവതരിപ്പിച്ചു. മാർക്കറ്റ് വിശകലനം ചെയ്യാനും നിക്ഷേപ തീരുമാനങ്ങൾ എടുക്കാനും സാധാരണ നിക്ഷേപകർക്ക് പ്രയാസമാണ്. അത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ രൂപകൽപ്പന ചെയ്ത ഓപ്പൺഎൻഡഡ് ഫണ്ടാണിതെന്ന് ഡിഎസ്പിയുടെ ഹെഡ് ഓഫ് പ്രോഡക്ട് ആൻഡ് മാർക്കറ്റ് സ്ട്രാറ്റജിസ്റ്റ് സാഹിൽ കപൂർ പറഞ്ഞു. ഡിഎസ്പി മ്യൂചൽ ഫണ്ടിന്റെ ഇൻഹൗസ് മാർക്കറ്റ് ഇന്റലിജൻസ് സംവിധാനമായ ഡിഎസ്പി നേത്ര മുഖേനയാണ് ഈ ഫ്ണ്ട മാനേജ് ചെയ്യപ്പെടുന്നത്. മാർക്കറ്റ് വിശദമായി വിശകലനം ചെയ്തും അപകടസാധ്യത പരിഗണിച്ചും ശരിയായ നിക്ഷേപ തീരുമാനങ്ങൾ എടുക്കാൻ ഡിഎസ്പി നേത്ര സഹായിക്കുമെന്ന് സാഹിൽ കപൂർ പറഞ്ഞു. ഹ്രസ്വകാല പ്രവചനങ്ങൾ പിന്തുടരുമ്പോൾ നിക്ഷേപകർ പലപ്പോഴും തെറ്റായ തീരുമാനം എടുക്കാൻ സാധ്യത ഉയരും.

ശരിയായ സ്ഥിതിവിവരക്കണക്കുകളും മുൻകാല മാർക്കറ്റ് പ്രവണതകളും അടിസ്ഥാനമാക്കി മാർക്കറ്റിലെ അപകടസാധ്യത പരിശോധിക്കുന്നതിന് വികസിപ്പിച്ച സംവിധാനമാണ് ഡിഎസ്പി നേത്രയെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

## മൂന്നാം പാദത്തിൽ ലാഭ വർധനയുമായി പേടിഎം

**ന്യൂഡൽഹി:** ധനകാര്യ സേവന സാങ്കേതിക പ്ലാറ്റ്ഫോമായ പേടിഎം മൂന്നാം പാദത്തിൽ 225 കോടി സംയോജിത ലാഭം രേഖപ്പെടുത്തി കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ ഇതേ കാലയളവിൽ രേഖപ്പെടുത്തിയ 208 കോടി നഷ്ടവുമായി താരതമ്യം ചെയ്യുമ്പോൾ ഇത് ശ്രദ്ധേയമായ മുന്നേറ്റമാണ്.തുടർച്ചയായ പാദങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ, സെപ്റ്റംബർ പാദത്തിലെ 21 കോടി ലാഭത്തിൽ നിന്ന് 971 ശതമാനം വർധനവാണ് കമ്പനി രേഖപ്പെടുത്തിയത്. ചെലവു നിയന്ത്രണം, പ്രവർത്തന കാര്യക്ഷമത, പേയ്മെന്റ്, ഫിനാൻഷ്യൽ സർവീസസ് മേഖലകളിലെ വളർച്ച എന്നിവയാണ് ലാഭത്തിലേക്കുള്ള ഈ മുന്നേറ്റത്തിന് കാരണമായതെന്ന് കമ്പനി അറിയിച്ചു. ബിസിനസ് മാതൃക ശക്തിപ്പെടുത്തുന്നതിനൊപ്പം ചെലവുകളിൽ കർശന നിയന്ത്രണം തുടരുന്നതും സാമ്പത്തിക പ്രകടനത്തെ അനുകൂലമായി ബാധിച്ചു.

## യുജിസി നെറ്റ് കോച്ചിങ്

**കൊച്ചി:** തിരുവനന്തപുരം മുട്ടടയിൽ പ്രവർത്തിക്കുന്ന ഐ എച്ച് ആർ ഡിയുടെ റിജിയണൽ സെന്ററിൽ ഫെബ്രുവരി 23 മുതൽ 28 വരെ കോളേജ് വിദ്യാർത്ഥികൾക്കായി യുജിസി നെറ്റ് പേപ്പർ 1 ന്റെ കോച്ചിംഗ് നൽകുന്നു. താൽപര്യമുള്ളവർ രജിസ്റ്റർ ചെയ്യുന്നതിനായി 8136882389, 9495069307, 8547005087,0471 2660512 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക

# മാറ്റത്തിന്റെ സാരഥികളായി സ്ത്രീകൾ; 'സേ യെസ്' നേതൃത്വ സംഗമത്തിന് കൊച്ചിയിൽ തുടക്കം

**കൊച്ചി:** വ്യവസായവാണിജ്യ മേഖലകളിൽ സ്ത്രീകളുടെ നേതൃപാടവം ഉറപ്പാക്കാനും തുല്യപങ്കാളിത്തം ഉറപ്പുവരുത്താനും ലക്ഷ്യമിട്ട് സി.ഐ.ഐ ഇന്ത്യൻ വിമെൻ നെറ്റ്‌വർക്ക് സംഘടിപ്പിക്കുന്ന ഏഴാം വാർഷിക നേതൃത്വ സംഗമത്തിന് 'സേ യെസ് 2026' കൊച്ചിയിൽ തുടക്കമായി. 'മാറ്റത്തിന് നേതൃത്വം നൽകുക, ഭാവിയെ രൂപപ്പെടുത്തുക' എന്ന പ്രമേയത്തിൽ സംഘടിപ്പിച്ച പരിപാടി സ്പൈസസ് ബോർഡ് ചെയർപേഴ്സൺ അഡ്വ. സംഗീത വിശ്വനാഥൻ ഉദ്ഘാടനം ചെയ്തു.

വോൾവോ കൺസ്ട്രക്ഷൻ എക്യുപ്‌മെന്റ് ഇന്ത്യ മാനേജിങ് ഡയറക്ടർ ഡിമിട്രോവ് കൃഷ്ണൻ, ഐ.ഡബ്ല്യു.എൻ സതേൺ റീജിയൻ ചെയർപേഴ്സണും റാണെ മദ്രാസ് സി.ഇ.ഒയുമായ ഗൗരി കൈലാസം, സി.ഐ.ഐ കേരള സ്റ്റേറ്റ് കൗൺസിൽ ചെയർമാൻ വി.കെ.സി റസാഖ്,

ഐ.ഡബ്ല്യു.എൻ സതേൺ റീജിയൻ ഡെപ്യൂട്ടി ചെയർപേഴ്സൺ ശിവപ്രിയ ബാലഗോപാൽ തുടങ്ങിയവർ സംസാരിച്ചു.



ദക്ഷിണേന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നായി 220ഓളം പ്രതിനിധികൾ പങ്കെടുക്കുന്ന ദ്വിദിന സംഗമത്തിൽ ഇന്നൊവേഷൻ, സസ്റ്റൈനബിലിറ്റി, മെന്റർഷിപ്പ് തുടങ്ങിയ വിഷയങ്ങളിൽ ചർച്ചകൾ നടക്കും.

## ക്രോമ സമ്മർ സെയിലിന് തുടക്കമായി

**കൊച്ചി:** ടാറ്റ ഗ്രൂപ്പിൽ നിന്നുള്ള മുൻനിര ഓമ്നി ചാനൽ ഇലക്ട്രോണിക്സ് റീട്ടെയിലറായ ക്രോമ, കൂളിംഗ് സൊല്യൂഷനുകൾക്കും ടെക് ഉപകരണങ്ങൾക്കും ആകർഷകമായ ഡീലുകൾ നൽകുന്ന 'ക്രോമ സമ്മർ സെയിൽ 2026' പ്രഖ്യാപിച്ചു. ഫെബ്രുവരി 28 വരെ രാജ്യത്തുടനീളമുള്ള ക്രോമ സ്റ്റോറുകളിൽ നടക്കുന്ന ഈ സെയിലിൽ പ്രത്യേക വിലകൾ, കാറ്റഗറി ഓഫറുകൾ, നിശ്ചിത കാലയളവിലെ ആനുകൂല്യങ്ങൾ എന്നിവയ്ക്കൊപ്പം ക്യാഷ്ബാക്കും ഇഎംഐ സൗകര്യങ്ങളും ലഭ്യമാണ്. എച്ച്ഡിഎഫ്സി ടാറ്റ ന്യൂ ക്രെഡിറ്റ് കാർഡ് ഉപയോഗിക്കുന്നവർക്ക് തിരഞ്ഞെടുത്ത ഉൽപ്പന്നങ്ങൾക്ക് 10 ശതമാനം വരെ ഡിസ്കൗണ്ടും ലഭിക്കും. എയർ കണ്ടീഷണർ മോഡലുകൾക്ക് ക്രോമ സമ്മർ സെയിലിൽ മികച്ച ഓഫറുകൾ ഒരുക്കിയിട്ടുണ്ട്. ക്യൂഎൽഇഡി ടിവി ഉൾപ്പെടെയുള്ള പ്രീമിയം ബിഗ് സ്ക്രീൻ ടെലിവിഷനുകൾക്കും ക്രോമ പ്രത്യേക ഓഫറുകൾ നൽകുന്നുണ്ട്. എയർ കീഷണറുകൾക്കും വലിയ സ്ക്രീൻ ടെലിവിഷനുകൾക്കും പുറമെ വിവിധ വിഭാഗങ്ങളിലായി മികച്ച ഓഫറുകളാണ് ക്രോമ സമ്മർ സെയിൽ അവതരിപ്പിക്കുന്നത്.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** വനിത ശിശു വികസന വകുപ്പിന് കീഴിൽ അർബൻ 2 ഐ.സി.ഡി.എസ് പ്രോജക്ടിനു കീഴിൽ 130 അങ്കണവാടികളിലേക്ക് 2025-26 സാമ്പത്തിക വർഷം പ്രീ സ്കൂൾ എജുക്കേഷൻ കിറ്റ് വിതരണം ചെയ്യുന്നതിനായി ടെൻഡർ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക് തേവര ശിശു വികസന പദ്ധതി ഓഫീസുമായി ബന്ധപ്പെടുക. ഫോൺ : 7306988476, 9746675922

# ആഗോള സുഗന്ധവ്യഞ്ജന സമ്മേളനം ഫെബ്രുവരി 23 മുതൽ




**കൊച്ചി:** ഓൾ ഇന്ത്യ സ്പൈസസ് എക്സ്പോർട്ടേഴ്സ് ഫോറം (എ.ഐ. എസ്.ഇ.എഫ്) സംഘടിപ്പിക്കുന്ന ഒൻപതാമത് അന്താരാഷ്ട്ര സുഗന്ധവ്യഞ്ജന സമ്മേളനം (ഐ.എസ്.സി. 2026) ഫെബ്രുവരി 23 മുതൽ 26 വരെ കൊച്ചി ലേ മെറിഡിയൻ കൺവെൻഷൻ സെന്ററിൽ നടക്കും. ലോകത്തിലെ ഏറ്റവും വലിയ സുഗന്ധവ്യഞ്ജന ഉൽപാദക കയറ്റുമതി രാജ്യമായ ഇന്ത്യയുടെ പ്രധാന അന്താരാഷ്ട്ര വിപണികളിലെ തീരുവ വ്യവസ്ഥകൾ, അവശിഷ്ടപരിധി മാനദണ്ഡങ്ങൾ, വിതരണ ശൃംഖല, നിയന്ത്രണ സംവിധാനങ്ങൾ എന്നിവയിലുണ്ടായ മാറ്റങ്ങളുടെ പശ്ചാത്തലത്തിൽ സുഗന്ധവ്യഞ്ജന വ്യവസായം സ്വീകരിക്കേണ്ട പ്രായോഗിക നടപടികൾ രൂപപ്പെടുത്തുന്ന സമ്മേളനമാണിത്.

ഫെബ്രുവരി 23ന് വൈകിട്ട് 5 മണിക്ക് നടക്കുന്ന ഉദ്ഘാടന സമ്മേളനം മുൻ ജി20 പ്രതിനിധിയും നീതി ആയോഗിന്റെ മുൻ മേധാവിയുമായ അമിതാഭ് കാന്ത് ഉദ്ഘാടനം ചെയ്യും.

കാർഷിക വ്യവസായത്തിലെ നവീകരണം, ഉൾക്കൊള്ളൽ, ആഗോള നേതൃത്വം എന്നീ വിഷയങ്ങളിൽ അദ്ദേഹം മുഖ്യപ്രഭാഷണം നടത്തും. പ്രകൃതിദത്ത ഭക്ഷണ നിറങ്ങളുടെ ആഗോള ഉത്പാദകരായ ഒറ്റെറയുടെ മേധാവി മാർട്ടിൻ സോൺടാഗ് മുഖ്യാതിഥിയാകും. യൂറോപ്യൻ സ്പൈസ് അസോസിയേഷനുമായി ചടങ്ങിൽ ധാരണാപത്രം ഒപ്പിടും. സമ്മേളനത്തിന്റെ രണ്ടാം ദിവസം ഇന്ത്യയുടെ ആഗോള വ്യാപാര നിലപാടുകളെ കുറിച്ച് ശശി തരൂർ സംസാരിക്കും. പ്രാചീന സുഗന്ധവ്യഞ്ജന വ്യാപാര പാതകളെ ആധുനിക ആഗോള സ്പൈസസ് ഇടനാഴികളുമായി ബന്ധപ്പെടുത്തി ചരിത്രകാരൻ മനു എസ്. പിള്ള ചർച്ച നയിക്കും.കർണാടക കാർഷിക വിലനിർണ്ണയ കമ്മീഷൻ ചെയർമാൻ അശോക് ദൽവായ് വിതരണ ശൃംഖലയുടെ ദീർഘകാലടിസ്ഥാനത്തിലുള്ള ശക്തീകരണത്തെക്കുറിച്ച് മുഖ്യപ്രഭാഷണത്തോടെ സമ്മേളനം സമാപിക്കും.

പോയ വർഷം പുതുക്കിയ തീരുവ ഘടനകളും, പരസ്പര വ്യാപാര നടപടികളും, ചില രാജ്യങ്ങളിലെ താൽക്കാലിക തീരുവ വർധനയും വില, മത്സരക്ഷമത എന്നിവയെ ബാധിക്കുകയും ഓർഡറുകൾ നീളുകയും ഉൽപ്പന്നങ്ങൾ സംഭരണാവസ്ഥയിൽ തുടരുന്നതിനും കാരണമായിരുന്നുവെന്ന് എ.ഐ. എസ്.ഇ.എഫ് ചെയർമാൻ ഇമ്മാനുവൽ നമ്പുശ്ശേരിൽ പറഞ്ഞു.

ആസിയാൻ, പശ്ചിമേഷ്യ, ആഫ്രിക്ക, യൂറോപ്പ് തുടങ്ങിയ വിപണികളുമായി ബന്ധം ശക്തിപ്പെടുത്തി ഒരേ വിപണിയിലുള്ള ആശ്രിതാവസ്ഥ കുറയ്ക്കാനുള്ള ശ്രമം തുടരുകയാണെന്ന് എ.ഐ. എസ്.ഇ.എഫ് ചെയർമാനും ഐ എസ് സി ചെയറുമായ നിഷേഷ് ഷാ പറഞ്ഞു. ഡബ്ല്യു എസ്ഒ ചെയർമാൻ രാംകുമാർ മേനോൻ, എഐഎസ്ഇഎഫ് മുൻ ചെയർമാനും ഐഎസ് സി മാർക്കറ്റിംഗ് ഹെഡുമായ ജീമോൻ കോര എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com